**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4652** **19-07-2022 - ൽ മറുപടിയ്ക്ക്**

**അന്തിപച്ച യൂണിറ്റുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നത് മത്സ്യത്തൊഴിലാളി സ്വയം സഹായ സംഘങ്ങളാണ്. ഇവർ മത്സ്യഫെഡ് ജീവനക്കാരുടെ പരിധിയിൽ വരുന്നതല്ല. എന്നാൽ അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റ് പ്രവർത്തിക്കുന്ന മത്സ്യസംഭരണ കേന്ദ്രങ്ങളിൽ (ബേസ്സ്റ്റേഷൻ) ഇതിന്റെ ചുമതലയുള്ളവർ മത്സ്യഫെഡിലെ ജീവനക്കാരാണ്. ഇവിടെ സ്ഥിരനിയമനം നടത്തുന്നതാണ്. മത്സ്യഫെഡിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് താല്ക്കാലിക ജീവനക്കാരെ നിയമിച്ചത് സർക്കാരിന്റെ പരാജയമാണെന്ന ആക്ഷേപമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് മത്സ്യത്തൊഴിലാളി സ്വയംസഹായ സംഘത്തിലെ അംഗങ്ങളാണ്. ഇവർ സമർപ്പിക്കുന്ന കണക്കുകൾ അതാത് ദിവസം കൈകാര്യം ചെയ്യുന്നത് മത്സ്യസംഭരണ കേന്ദ്രത്തിലെ (ബേസ് സ്റ്റേഷൻ) ജീവനക്കാരാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ<br><br>മുഖേനയുള്ള നിയമനം വൈകിയ സാഹചര്യത്തിലും സ്ഥിരം ജീവനക്കാരുടെ അഭാവം മൂലവും താൽക്കാലിക ജീവനക്കാരെ നിയോഗിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചത് പരാജയമാണെന്ന ആക്ഷേപം നിലവിലില്ല. നിലവിൽ ടി കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അന്തിപ്പച്ച യൂണിറ്റുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ അവലോകന യോഗങ്ങൾ | (സി) | അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന കണക്കുകൾ |

| | | | |
|---|---|---|---|
| | ചേരുന്നതിനും വരവ് ചെലവ് കണക്കുകളും ബാങ്ക് ഇടപാടുകളും സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുന്നതിനുമായി നടപ്പിലാക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കുമോ? | | ഇലക്ട്രോണിക് ബില്ലിംഗ് സോഫ്റ്റ് വെയറിലൂടെയാണ് നിലവിൽ ചെയ്യുന്നത്. അതിലെ സ്റ്റേറ്റ്മെന്റിൽ വരുന്ന ക്യാഷ് മത്സ്യസംഭരണ കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷനുകൾ) വഴി കൃത്യമായി ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്നു. അവലോകന യോഗങ്ങൾ കൃത്യമായി ചേരുകയും സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലയിലെ മത്സ്യഫെഡ് ഭരണസമിതി അംഗം, ജില്ലാ മാനേജർ/ യൂണിറ്റ് തലവൻ, അസിസ്റ്റന്റ് മാനേജർ,മാർക്കറ്റിംഗ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ/അക്കൗണ്ടന്റ്, പ്രോജക്റ്റ്ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി ബേസ് സ്റ്റേഷനുകൾ / ഫിഷ് മാർട്ടുകൾ, അന്തിപ്പച്ചകൾ എന്നിവിടങ്ങളിലെ ക്യാഷ് ബുക്ക്, ഡേ ബുക്ക്, ഇൻവോയ്സ്, ബിൽസ്, വൗച്ചറുകൾ, ഗുഡ്സ് റിസീവ്സ് നോട്ട്, ഡെലിവെറി നോട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഒപ്പ വെച്ച് ഫയൽ ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്ന് എല്ലാ മാസവും പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ